**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2360** **05-02-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒഴിവുള്ള ജീവനക്കാരുടെ എണ്ണം തസ്തികയും സ്ഥാപനവും തിരിച്ച് വ്യക്തമാക്കാമോ; | (എ) | അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഒഴിവുകൾ എത്ര കാലമായി തുടരുന്നുവെന്ന് തസ്തികയും സ്ഥാപനവും തിരിച്ച് വ്യക്തമാക്കാമോ; | (ബി) | അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | ഒഴിവുകൾ നികത്തപ്പെടാതെ തുടരുന്നത് എന്തുകൊണ്ടാണെന്നും പരിഹാരനടപടികൾ എപ്പോൾ ഉണ്ടാകുമെന്നും വ്യക്തമാക്കാമോ; | (സി) | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിലെ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലെ ഒഴിവ് സെക്കന്റ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലംമാറ്റം മുഖേനയും നിയമന ഉത്തരവ് നൽകിയിട്ടും ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കാത്തത് കാരണം ഉണ്ടായിട്ടുള്ളതാണ് ഈ ഒഴിവുകൾ. ഫസ്റ്റ് ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ള പുതിയ റാങ്ക് പട്ടികയിൽ നിന്നു നിയമനശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികൾക്ക്നിയമനം നൽകി പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്.<br><br>സ്ഥലംമാറ്റം മുഖേനയും നിയമന ഉത്തരവ് നൽകിയിട്ടും ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കാത്തത് കാരണവും വകുപ്പ് വിട്ടുപോയത് കാരണവുമാണ് തേർഡ് ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽ ഒഴിവുകൾ നിലവില്ലുള്ളത്. തേർഡ് ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽ പി.എസ്.സി. ജില്ലാതലത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തേർഡ് ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒഴിവുകൾ നികത്തുന്നതിന് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

കാസർഗോഡ് ജില്ലയിൽ കുമ്പഡജെ ഗ്രാമപഞ്ചായത്തിലാണ് സെക്കന്റ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ ഒരു ഒഴിവുണ്ടായിരുന്നത്. ടി ഒഴിവ് തദ്ദേശ സ്വയംഭരണ റൂറൽ ഡയറക്ടറുടെ 22.01.2026-ലെ LSGD/PD/7891/2024-DEE7 നമ്പർ നടപടിക്രമം പ്രകാരം സ്ഥലംമാറ്റം മുഖേന നികത്തിയിട്ടുണ്ട്.

ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ /ട്രാൻസ്ഫർ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഡ്രൈവർ ഗ്രേഡ്-2 തസ്തികയിലെ ഒഴിവ് വാഹനം ഇല്ലാത്തതിനാൽ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമാണ് .

29/12/2025 തീയതിയിലെ LSGD/PD/46015/2023-DB1 നമ്പർ നടപടിക്രമം പ്രകാരം മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിലെ ഒഴിവുണ്ടായിരുന്ന അസിസ്റ്റന്റ് സെക്രട്ടറി, എൽ.എസ്.ജി.ഐ തസ്തികയിലേയ്ക്ക് ജീവനക്കാരനെ നിയമിച്ച് ഉത്തരവായിരുന്നെങ്കിലും ടി ജീവനക്കാരൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയതിനാൽ, തുടർന്ന് ഈ സ്റ്റേഷനിലെ ഒഴിവിൽ നിയമനം നടത്താൻ സാധിച്ചിട്ടില്ല. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നുള്ള അന്തിമവിധിയുടെ അടിസ്ഥാനത്തിൽ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ നിലവിലുള്ള 10 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. നിയമന ശിപാർശ ലഭ്യമാകുന്ന മുറക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .

മുൻ ഗ്രാമവികസന വകുപ്പിലെ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ (OA 971/2022) കേസ് നിലവിലുള്ളതാണ്. സീനിയോറിറ്റി പട്ടിക സ്റ്റേ ചെയ്തിട്ടുള്ളതിനാൽ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ 66 ഹെഡ് ക്ലർക്ക് /സീനിയർ എക്സ്റ്റൻഷൻ ഓഫീസർ/അക്കൗണ്ടന്റ് തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ സാധിച്ചില്ല. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നുള്ള അന്തിമവിധിയുടെ അടിസ്ഥാനത്തിൽ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .

| | | | |
|---|---|---|---|
| | | | സെക്രട്ടറി, എൽ.എസ്.ജി.ഐ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നു നേരിട്ടുള്ള നിയമനം വഴിയും സ്ഥാനക്കയറ്റം മുഖേനയും നികത്തി വരുന്നു.<br><br>അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പി.എസ്.സി റാങ്ക് പട്ടിക നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സീനിയർ ക്ലർക്ക് തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതാണ്. എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ സ്ഥാനക്കയറ്റം സംബന്ധിച്ച് ഹർജികൾ നിലനിൽക്കുന്നതിനാൽ സ്ഥാനക്കയറ്റം നടത്താൻ കഴിയുന്നില്ല.<br><br>ക്ലർക്ക്/ഓഫീസ് അറ്റന്റഡന്റ്/ ഡ്രൈവർ തുടങ്ങിയ നിയമനങ്ങൾ പി.എസ്.സി നിയമനം വഴിയും, സ്ഥലംമാറ്റം മുഖേനയും നികത്തുന്നതാണ് . |
| (ഡി) | ജില്ലയിൽ എത്ര പഞ്ചായത്ത് സെക്രട്ടറിമാരെ അവസാനമായി നിയമിച്ചിട്ടുണ്ടെന്നും അത് എപ്പോഴാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | 24.01.2026-ൽ ബളാൽ പഞ്ചായത്ത്, ബദിയടുക്ക പഞ്ചായത്ത് എന്നീ പഞ്ചായത്തുകളിൽ സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## നിയമസഭാ ചോദ്യം നം. 2360  അനുബന്ധം 'എ' & 'ബി'

| 'എ' പിരിവ് | | | 'ബി' പിരിവ് |
|---|---|---|---|
| തസ്തിക | സ്ഥാപനം | എണ്ണം | ഒഴിവുകൾ |
| പ്രോജക്റ്റ് ഡയറക്ടർ | Poverty Alleviation Unit, Kasaragode | 1 | 05.08.2025 |
| ഇന്റേണൽ വിജിലൻസ് ഓഫീസർ | ജോയിന്റ് ഡയറക്ടർ ഓഫീസ്, കാസർഗോഡ് | 1 | 01.06.2025 |
| സെക്രട്ടറി | അജാനൂർ | 1 | 12.01.2026 |
| സെക്രട്ടറി | കുമ്പള | 1 | 12.01.2026 |
| സെക്രട്ടറി | മുഗ്രാൽ പുത്തൂർ | 1 | 01.02.2025 |
| സെക്രട്ടറി | വലിയപറമ്പ | 1 | 01.02.2026 |
| സെക്രട്ടറി | ബെള്ളൂർ | 1 | 23.09.2024 |
| സെക്രട്ടറി | കുംബഡജെ | 1 | 13.01.2026 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | വോർക്കാടി | 1 | 11.07.2025 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | പുത്തിഗെ | 1 | 12.07.2025 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | ദേലംപാടി | 1 | 12.07.2025 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | ചെമ്മനാട് | 1 | 22.10.2024 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | കുംബഡജേ | 1 | 23.07.2025 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | മംഗൽപാടി | 1 | 01.07.2025 |
| ഹെഡ്ക്ലർക്ക്/അക്കൗണ്ടന്റ് | കാറഡുക്ക | 1 | 30.09.2024 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | ചെങ്കള | 1 | 09.07.2025 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | ബദിയടുക്ക | 1 | 04.07.2025 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | ബെള്ളൂർ | 1 | 17.01.2025 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | മീഞ്ച | 1 | 08.07.2025 |

| | | | |
|---|---|---|---|
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | മുഗ്രാൽപുത്തൂർ | 1 | 04.07.2025 |
| ഹെഡ് ക്ലർക്ക്/അക്കൗണ്ടന്റ് | മധൂർ | 1 | 01.11.2024 |
| സീനിയർ ക്ലർക്ക് | കാസർഗോഡ് നഗരസഭ | 2 | 01.11.2025/29.03.2025 |
| ക്ലർക്ക് | കയ്യൂർ ചീമേനി | 1 | 14.01.2026 |
| ക്ലർക്ക് | കുംബഡജേ | 1 | 09.09.2025 |
| ക്ലർക്ക് | മംഗൽപാടി | 1 | 30.07.2025 |
| ക്ലർക്ക് | മഞ്ചേശ്വരം | 1 | 09.09.2025 |
| ക്ലർക്ക് | കാറഡുക്ക | 1 | 09.09.2025 |
| ക്ലർക്ക് (കന്നഡ) | ബെള്ളൂർ | 1 | 15.01.2020 |
| ക്ലർക്ക് (കന്നഡ) | കാസർഗോഡ് നഗരസഭ | 1 | 10.10.2024 |
| ക്ലർക്ക് (കന്നഡ) | മീഞ്ച | 1 | 15.01.2020 |
| ക്ലർക്ക് (കന്നഡ) | ചെങ്കള | 1 | 15.01.2020 |
| ക്ലർക്ക് | ബേഡഡുക്ക | 1 | 12.01.2026 |
| ക്ലർക്ക് | ബദിയടുക്ക | 1 | 10.10.2024 |
| ഓഫീസ് അറ്റൻഡന്റ് | എൻമകജെ | 1 | 14.03.2023 |
| വി ഇ ഒ ഗ്രഡ് –1 | ചെമ്മനാട് | 1 | 30.10.2025 |
| വി ഇ ഒ ഗ്രഡ് –1 | ബേഡഡുക്ക | 1 | 09.09.2025 |
| വി ഇ ഒ ഗ്രഡ് –1 | കുമ്പള | 1 | 09.09.2025 |
| വി ഇ ഒ ഗ്രഡ് –1 | ബളാൽ | 1 | 07.06.2024 |
| വി ഇ ഒ ഗ്രഡ് –1 | എൻമകജെ | 1 | 09.08.2025 |
| വി ഇ ഒ ഗ്രഡ് –1 | പൈവളിഗെ | 1 | 09.09.2025 |
| വി ഇ ഒ ഗ്രഡ് –1 | അജാനൂർ | 1 | 09.09.2025 |

| | | | |
|---|---|---|---|
| വി ഇ ഒ ഗ്രഡ് –2 | ബദിയടുക്ക | 1 | 05.01.2026 |
| വി ഇ ഒ ഗ്രഡ് –2 | പുത്തിഗെ | 1 | 14.12.2025 |
| വി ഇ ഒ ഗ്രഡ് –2 | ഓർക്കാടി | 1 | 08.09.2025 |
| ഡ്രൈവർ | Poverty Alleviation Unit, Kasargode | 1 | 10.01.2024 |
| ഡ്രൈവർ | ജോയിന്റ് ഡയറക്ടർ ഓഫീസ് | 1 | 06.01.2024 |
| ഡ്രൈവർ | നീലേശ്വരം നഗരസഭ | 1 | 30.11.2025 |
| ഡ്രൈവർ | കാസർഗോഡ് നഗരസഭ | 1 | 03.06.2025 |
| ജെ പി എച്ച് ഐ ഗ്രേഡ്  – 2 | കാസർഗോഡ് നഗരസഭ | 4 | 19.06.2024 |
| ജെ പി എച്ച് ഐ ഗ്രേഡ്  – 3 | കാഞ്ഞങ്ങാട് നഗരസഭ | 5 | 15.05.2025 |
| ജെ പി എച്ച് ഐ ഗ്രേഡ് –4 | നീലേശ്വരം നഗരസഭ | 1 | 17.09.2025 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | കാറഡുക്ക ബ്ലോക്ക് | 1 | 04.01.2025 |
| അസിസ്റ്റന്റ് എഞ്ചിനീയർ | മഞ്ചേശ്വരം | 1 | 22.01.2026 |
| അസിസ്റ്റന്റ് എഞ്ചിനീയർ | മീഞ്ച | 1 | 30.06.2025 |
| അസിസ്റ്റന്റ് എഞ്ചിനീയർ | മുഗ്രൽ പുത്തൂർ | 1 | 15.07.2025 |
| അസിസ്റ്റന്റ്എഞ്ചിനീയർ | ചെമ്മനാട് | 1 | 04.10.2025 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ബദിയടുക്ക | 1 | 05.01.2025 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ബെള്ളൂർ | 1 | 07.08.2025 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ദേലംപാടി | 1 | 16.07.2025 |
| അസിസ്റ്റന്റ്എഞ്ചിനീയർ | ബളാൽ | 1 | 23.07.2025 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഈസ്റ്റ് എളേരി | 1 | 23.07.2025 |
| അസിസ്റ്റന്റ് എഞ്ചിനീയർ | കോടോ ബേളൂർ | 1 | 23.07.2025 |
| ഓവർസിയർ ഗ്രേഡ് –1 | മധൂർ | 1 | 22.03.2025 |

| | | | |
|---|---|---|---|
| ഓവർസിയർ ഗ്രേഡ് –1 | പരപ്പ ബ്ലോക്ക് | 1 | 13.01.2025 |
| ഓവർസിയർ ഗ്രേഡ് –1 | വെസ്റ്റ് എളേരി | 1 | 07.01.2025 |
| ഓവർസിയർ ഗ്രേഡ് –1 | മഞ്ചേശ്വരം ബ്ലോക്ക് | 1 | 03.07.2025 |
| ഓവർസിയർ ഗ്രേഡ് –1 | എൻമഗജെ | 1 | 01..08.2023 |
| ഓവർസിയർ ഗ്രേഡ് –1 | കാറഡുക്ക ബ്ലോക്ക് | 1 | 02.07.2025 |
| ഓവർസിയർ ഗ്രേഡ് –1 | നീലേശ്വരം നഗരസഭ | 1 | 18.12.2025 |
| ഓവർസിയർ ഗ്രേഡ് –2 | കുംബഡജേ | 1 | 27.01.2025 |
| ഓവർസിയർ ഗ്രേഡ് –3 | ബദിയട്ടുക്ക | 2 | 31.01.2025 / 15.07.2025 |
| ഓവർസിയർ ഗ്രേഡ് –3 | മധുർ | 1 | 18.07.2025 |
| ഓവർസിയർ ഗ്രേഡ് –3 | ചെങ്കള | 1 | 19.07.2025 |
| ഓവർസിയർ ഗ്രേഡ് –3 | കുമ്പള | 2 | 21.07.2025 / 19.12.2024 |
| ഓവർസിയർ ഗ്രേഡ് –3 | ഓർക്കാടി | 1 | 27.01.2025 |
| ഓവർസിയർ ഗ്രേഡ് –3 | ബെള്ളൂർ | 1 | 29.09.2025 |
| ഓവർസിയർ ഗ്രേഡ് –3 | ദേലംപാടി | 1 | 01.01.2026 |
| ഓവർസിയർ ഗ്രേഡ് –3 | വെസ്റ്റ് എളേരി | 1 | 01.01.2026 |
| ഓവർസിയർ ഗ്രേഡ് –3 | കാസർഗോഡ് നഗരസഭ | 1 | 25.07.2025 |
| ഓവർസിയർ ഗ്രേഡ് –3 | മീഞ്ച | 1 | 07.01.2026 |
| ഓവർസിയർ ഗ്രേഡ് –3 | മംഗൽപാടി | 1 | 07.01.2026 |
| പാർട്ട് ടൈം ജീവനക്കാർ | അജാനൂർ | 1 | 01.07.2022 |
| പാർട്ട് ടൈം ജീവനക്കാർ | ബദിയട്ടുക്ക | 3 | 01.01.2017 |
| പാർട്ട് ടൈം ജീവനക്കാർ | കുമ്പഡജെ | 2 | 01.07.2010 |
| പാർട്ട് ടൈം ജീവനക്കാർ | തൃക്കരിപ്പൂർ | 2 | 01.12.2023/01.04.2025 |

| | | | |
|---|---|---|---|
| ഫുൾ ടൈം ജീവനക്കാർ | അജാനൂർ | 2 | 31.05.2019 |
| ഫുൾ ടൈം ജീവനക്കാർ | ചെറുവത്തൂർ | 1 | 01.05.2020 |
| ഫുൾ ടൈം ജീവനക്കാർ | കിനാനൂർ-കരിന്തളം | 1 | 01.06.2015 |
| ഫുൾ ടൈം ജീവനക്കാർ | കുമ്പള | 3 | 01.01.2016 |
| ഫുൾ ടൈം ജീവനക്കാർ | ഉദുമ | 2 | 01.05.2022/01.05.2018 |